ഏതൊക്കെ തീയതികളിൽ, എത്ര തവണയായി എന്ത് തുക വീതം വായ്പ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഈ കാലയളവിൽ വായ്പയെടുത്ത എന്ത് തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഇനി എന്ത് തുക അവശേഷിക്കുന്നുണ്ടെന്നും ലഭ്യമായ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് വിശദമാക്കുമോ;

(ഡി) ഈ കാലയളവിൽ എന്ത് തുക വികസനവായ്പയായി സമാഹരിച്ചിട്ടുണ്ട്;

(ഇ) വികസന വായ്പയുടെ പലിശയിനത്തിൽ എന്ത് തുക ഈ കാലയളവിലേക്ക് വേണ്ടി വരുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി)&(ഡി) 1996-99 ൽ മൊത്തം 591.96 കോടി രൂപ സമാഹരിച്ചു.1999 -2000 ൽ ഇതുവരെ 452.73 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ഇ) വികസന വായ്പത്തുകകൾ പത്ത് വർഷത്തിന് ശേഷമാണ് പലിശ സഹിതം തിരികെ നൽകുന്നത്. അതിനാൽ പലിശയിനത്തിൽ എന്ത് തുക ഇപ്പോൾ നൽകേണ്ടിവരുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

2 (1734) സംസ്ഥാനത്തിന്റെ കടബാദ്ധ്യത

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മാർച്ച് 31 -നു സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നു;

(ബി) 1996 മാർച്ച് 31-നു കടബാദ്ധ്യത എത്രയായിരുന്നു;

(സി) ഇപ്പോൾ സംസ്ഥാനത്തിന്റെ കട ബാദ്ധ്യത എത്രയാണ്;

(ഡി) കടബാദ്ധ്യത ഇത്രയധികം വർദ്ധിക്കുവാനുള്ള കാരണം എന്തെന്നു വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ വ്യക്തികളിൽ നിന്നും ക്ഷേമനിധികളിൽ നിന്നും ഈ ഗവൺമെന്റ് എടുത്തിട്ടുള്ള വായ്പകൾക്ക് ഇതുവരെ എന്തു തുക പലിശ നൽകിയെന്നു അറിയിക്കുമോ?

ഉത്തരം

(എ) 4965.14 കോടി രൂപ

(ബി) 10668.95 കോടി രൂപ

(സി) അക്കൗണ്ടന്റ് ജനറൽ മാർച്ച് 1998 വരെയുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 1998 മാർച്ച് 31-ൽ സർക്കാരിന്റെ കട ബാദ്ധ്യത 14471.71 കോടി രൂപയാണ്.

(ഡി) 1991 മാർച്ച് അവസാനം മുതൽ 1996 മാർച്ച് അവസാനം വരെയുള്ള കടബാദ്ധ്യതയുടെ വളർച്ച, 1996-97,1997-98 എന്നീ കാലയളവിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുള്ള കടബാദ്ധ്യതയിലെ വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും സ്വാഭാവികവും അനുക്രമവുമാണ്.

(ഇ) സ്വകാര്യ വ്യക്തികളിൽ നിന്നും ക്ഷേമനിധികളിൽ നിന്നും ഈ ഗവൺമെന്റ് വായ്പകൾ എടുത്തിട്ടില്ല.

3 (1735) വിവിധ വകുപ്പുകളിൽ നിന്നുള്ള റവന്യൂ വരുമാനം

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റവന്യൂ വരുമാനത്തിൽ 1994-95, 95-96, 96-97, 97-98, 98-99 എന്നീ വർഷങ്ങളിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച വരുമാനം വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ നിന്നും വരുമാനം കുറഞ്ഞത് ഏതെല്ലാം വകുപ്പുകളിലാണ്; അതിന്റെ കാരണം വിശദമാക്കുമോ;

(സി) വരുമാനം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)	1994-95	ബഡ്ജറ്റ് എസ്റ്റിമേറ്റ്	റവന്യൂ വരുമാനം
1)	സെയിൽസ് ടാക്സ്	1770.31	1864.93
2)	മോട്ടോർ വെഹിക്കിൾസ്	155.00	183.90
3)	ലാൻഡ് റവന്യൂ	20.41	22.65
4)	സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ	248.67	295.81
5)	അഗ്രികൾച്ചർ ഇൻകം ടാക്സ്	25.35	17.24
6)	ഫോറസ്റ്റ്	115.00	136.88
7)	എക്സൈസ്	340.43	353.21
8)	സ്റ്റേറ്റ് ലോട്ടറി	64.51	71.22.

	1995-96	ബഡ്ജറ്റ് എസ്റ്റിമേറ്റ്	റവന്യൂ വരുമാനം
1)	സെയിൽസ് ടാക്സ്	2150.00	2285.96
2)	മോട്ടോർ വെഹിക്കിൾസ്	217.00	222.87
3)	ലാൻഡ് റവന്യൂ	34.50	23.71
4)	സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ	325.31	353.79
5)	അഗ്രികൾച്ചറൽ ഇൻകം ടാക്സ്	19.20	26.08
6)	ഫോറസ്റ്റ്	150.80	160.77
7)	എക്സൈസ്	390.00	449.29
8)	സ്റ്റേറ്റ് ലോട്ടറി	69.63	93.28

	1996-97	ബഡ്ജറ്റ് എസ്റ്റിമേറ്റ്	റവന്യൂ വരുമാനം

LIBRARY ARCHIVES Kerala Legislative Assembly